എൻ. ജി. ഒ. മാരുടെ മെമ്മോറാണ്ടം.

2. [2] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ജി. ഒ. മാരുടെ സംഘടനയിൽ നിന്നും കൂടുതൽ വേതനത്തിനും സേവനവ്യവസ്ഥകൾക്കും ഗവണ്മെൻറിൽ വല്ല മെമ്മോറാണ്ടവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സാമ്പത്തിക ബാദ്ധ്യതയുള്ള ആവശ്യങ്ങൾ നിറവേറ്റാൻ ഗവണ്മെൻറിനു സാധാരണ ഗതിയിൽ ഒരു കൊല്ലം എത്ര സംഖ്യ കൂടുതലായി ചെലവഴിക്കേണ്ടിവരും;

(സി) അയൽ സംസ്ഥാനങ്ങളിൽ എൻ. ജി. ഒ മാർക്ക് ലഭിച്ചു വരുന്ന വേതനത്തിൽ നിന്നും വ്യത്യാസമാണോ കേരളത്തിലെ ധനസ്ഥിതി;

(ഡി) കുറവുണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവണ്മെൻറ് ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പള സ്കെയിലുകളും ഡീയർനെസ് അലവൻസും നൽകണമെന്നുള്ളതാണ് മെമ്മോറാണ്ടത്തിലെ പ്രധാനപ്പെട്ട ആവശ്യം. പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുൾപ്പെടെ ഗവണ്മെൻറ് ജീവനക്കാർക്ക് കേന്ദ്രഗവണ്മെൻറിലെ നിരക്കുകളനുസരിച്ച് ഡിയർനെസ് അലവൻസ് നൽകുന്നതിനു മുന്നു കോടിയിലധികം രൂപാ വേണ്ടിവരും. ശമ്പളസ്കെയിലുകളെ സംബന്ധിച്ചിടത്തോളം അധികച്ചെലവ് എത്ര വരും. മെന്നു കണക്കാക്കിയിട്ടില്ല. എന്നാൽ ഇവ മദ്രാസ് ഗവണ്മെൻറ് സ്കെയിലുകളോടൊപ്പം ഉയർത്തുന്നതിനു 4 കോടി രൂപായോളം കൂടുതൽ ചെലവുണ്ടെന്നു കണക്കാക്കിയിട്ടുണ്ട്.

(സി) അതേ.

(ഡി) ഉണ്ട്. പക്ഷേ സ്റ്റേറ്റിലെ ഇന്നത്തെ സാമ്പത്തിക നിലയിൽ ഇത്ര വ്യാപകമായ ബാദ്ധ്യതയുള്ള ഒരു പദ്ധതി ഏറ്റെടുക്കുവാൻ ഗവണ്മെൻറിനു നിവൃത്തിയില്ല. അതിനാൽ ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെൻറിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

മുട്ടട—മരപ്പാലം റോഡ്

3. [5] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കേശവദാസപുരം വാർഡിലെ മുട്ടട—മരപ്പാലം റോഡ് ഒന്നും രണ്ടും സ്റ്റേജുകളിലായി പൂർത്തിയാക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പണികളും പ്രസ്തുത റോഡിനുവേണ്ടി നടത്തുകയുണ്ടായി;

(സി) പ്രസ്തുത റോഡ് പണി എന്നു പൂർത്തിയാക്കുമെന്നു കണക്കാക്കുന്നു ?

ഉത്തരം

(എ, ബി) ഈ റോഡിന്റെ മുട്ടട മുതൽ ഏലാവരെയുള്ള ഭാഗത്തു മൺവേല പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly